**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**14.03.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.30 ന് സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013–14 വാർഷിക പദ്ധതിയിൽ 2761 കോടി രൂപ ഇതുവരെ ചെലവായതായി നിരീക്ഷിച്ചു. ഗ്രാമപഞ്ചായത്തുകൾ അലോട്ട്മെന്റിന്റെ 59 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 73 ശതമാനവും, ജില്ലാ പഞ്ചായത്തുകൾ 30 ശതമാനവും, മുനിസിപ്പാലിറ്റികൾ 49 ശതമാനവും, കോർപ്പറേഷനുകൾ 43 ശതമാനവുമാണ് ചെലവഴിച്ചത്. ഇതേ കാലയളവിൽ മുൻവർഷം ഗ്രാമപഞ്ചായത്തുകൾ 32 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 52 ശതമാനവുമാണ് ചെലവഴിച്ചത്.

ഗ്രാമപഞ്ചായത്തുകൾ 1772 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 388 കോടി രൂപയും, ജില്ലാ പഞ്ചായത്തുകൾ 341 കോടി രൂപയും മുനിസിപ്പാലിറ്റികൾ 230 കോടി രൂപയും, കോർപ്പറേഷനുകൾ 113 കോടി രൂപയുമാണ് ഇതുവരെ ചെലവിട്ടത്.

**2.2** 2012–13ൽ അനുവദിച്ച പദ്ധതി തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവഴിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യാൻ അനുവദിച്ചിരുന്നു. 2013–14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുകയിൽ KLGSDP ഫണ്ടിൽ ചെലവഴിക്കാത്ത ബാക്കി മുഴുവൻ തുകയും, വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും ചെലവഴിക്കാത്ത പരമാവധി 35% തുകയും 2014–15 വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യാൻ അനുവാദം നൽകി തീരുമാനിച്ചു. ചെലവഴിക്കാത്ത എസ്.സി.പി./റ്റി.എസ്.പി ഫണ്ടും ക്യാരിഓവർ ചെയ്യാവുന്നതാണ്.

**2.3** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രോജക്ടുകൾക്കായി വികസനഫണ്ടിൽ ചെലവുകാണിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും തുകയുണ്ടെങ്കിൽ ആയത് 2014 മാർച്ച് 31–നു മുമ്പായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. അനധികൃതമായി ബാങ്ക് അക്കൗണ്ടിൽ തുക സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കായിരിക്കും ഇങ്ങനെ ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (നം. 350/N/M/UA&WM/14)

ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഐ.എ.വൈ ഭവന നിർമ്മാണത്തിന് തെരഞ്ഞടുക്കപ്പെട്ട 2 പേർക്ക് 20 ചതുരശ്ര മീറ്റർ വിസ്തീർണ്ണം കൂടുതലായി കെട്ടിടം നിർമ്മിച്ചു കൊടുക്കാനുള്ള അനുവാദം ആവശ്യപ്പെട്ടത് വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (ഫയൽനം. 11479/എഫ്.എം.3/14/തസ്വഭവ

ഇ.എം.എസ് ഭവന പദ്ധതിയിൽ ചെലവാകാതെ ബാക്കി നിൽക്കുന്ന തുക തിരിച്ചടയ്ക്കാനും പുതിയ ഭവന പദ്ധതിക്ക് പുതിയ വായ്പ ലഭ്യമാക്കുകയാണ് വേണ്ടതെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ചാവക്കാട് നഗരസഭ

ഇൻഫ്രാസെട്രക്ചർ പരിധി കടക്കാതെ കുടിവെള്ള പദ്ധതിയുടെ വായപ തിരിച്ചടവ് നടത്തുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

പട്ടികജാതി കുടുംബങ്ങൾക്ക് ജലസംഭരണി വാങ്ങി നൽകാനുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിന് അനുമതി നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.6 മടിക്കൈ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 47090/ഡി.ബി.1/13/തസ്വഭവ)

മടിക്കൈ ഗ്രാമപഞ്ചായത്ത് ശ്രീ.നാരായൺ കുതിരുമ്മൽ എന്ന ആൾക്ക് ഇ.എം.എസ് ഭവന പദ്ധതിയിൽ ഒരു ഗഡുവെങ്കിലും ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ടോ എന്നും എഗ്രിമെന്റ് വച്ചിരുന്നോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.7 നെടുമ്പന ഗ്രാമപഞ്ചായത്ത് (ഫയൽ നം. 6323/ഡി.എ2/14/തസ്വഭവ)

നെടുമ്പന ഗ്രാമപഞ്ചായത്തിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കി വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കേരള ഗ്രാമപഞ്ചായത്ത് അസോസിയഷൻ**

മരാമത്ത് ബില്ലുകളുടെ ഇൻകംടാക്സ് അടവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നിർദ്ദേശിക്കുന്ന കാര്യങ്ങളിൽ പ്രത്യേക നടപടി ആവശ്യമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 11617/ഡി.ഡി2/14/തസ്വഭവ)**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന അംഗനവാടികൾക്കുള്ള ഭക്ഷ്യധാന്യ സംഭരണപ്പെട്ടി, സാൾട്ടർ സ്കെയിൽ, ചുറ്റുമതിൽ നവീകരണം എന്നീ പദ്ധതികൾക്ക് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 വേങ്ങര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 14190/ഡി.ഡി2/14/തസ്വഭവ)**

വേങ്ങര ബ്ലോക്ക് പഞ്ചായത്തിന്റെ പൂരകപോഷകാഹാര പരിപാടി ഇനത്തിൽ റീ ഇംപേഴ്സ്മെന്റായി ലഭിച്ച തുക അംഗനവാടി കെട്ടിടം നിർമ്മിക്കാൻ അനുവദിക്കണമെന്ന ആവശ്യം ഈ വർഷം പുതിയ പദ്ധതി രൂപീകരണം പാടില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പന്തലായനി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 11632/ഡി.ഡി2/14/തസ്വഭവ)**

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന വിദ്യാകേന്ദ്രം ആധുനിക വൽക്കരണം എന്ന പദ്ധതി നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 13022/ഡി.ഡി2/14/തസ്വഭവ))**

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് കൃഷി വികനത്തിനും മൃഗസംരക്ഷണത്തിനുമായി മുമ്പ് ചെലവഴിച്ചത് വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനിക്കാനും ഇതേ പദ്ധതികൾ തുടർന്ന് നടത്തരുതെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം9915/ഡി.ഡി2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിലെ ഇടവെട്ടിച്ചിറ വാട്ടർ സ്റ്റേഡിയം നിർമ്മാണത്തിന് അധികമായി നൽകേണ്ട 3 ലക്ഷം രൂപ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി തീരുമാനിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം71454/ഡി.ഡി2/14/തസ്വഭവ)**

മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ റോഡു പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച തുകയിൽ പ്രവൃത്തി പൂർത്തിയായി ബാക്കി വന്ന തുക ഉപയോഗിച്ച് കൊല്ലനട സ്ക്കൂൾ - ചാപ്രമുക്ക് എന്ന റോഡ് പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മാള ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.13504/ഡി.ഡി2/14/തസ്വഭവ))**

മാള ബ്ലോക്ക് പഞ്ചായത്തിലെ SOനം.337/2000 നമ്പർ കേസിന് വിധിക്കെതിരെ സമർപ്പിച്ച അപ്പീലിന് ഹാജരായ വക്കീലിന്റെ ഫീസ് നൽകുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മഹിള കിസാൻ സശാക്തീകരണ പരിയോജന**
**(ഫയൽ നം.9920/ഡി.ഡി3/12/തസ്വഭവ)**

മഹിള കിസാൻ സശാക്തീകരണ പരിയോജന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിൽ വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 എടവണ്ണ ഗ്രാമപഞ്ചായത്ത് (ഫയൽ നം.63022/ഡി.എ2/14/തസ്വഭവ)**

എടവണ്ണ ഗ്രാമപഞ്ചായത്തിലെ 2009-10, 2010-11, 2011-12 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തിയാകാത്തതും ഒഴിവാക്കിയതുമായ 6 പദ്ധതികൾക്ക് പകരമായി പദ്ധതി അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതല തീരുമാനം എടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ നടപ്പു സാമ്പത്തിക വർഷം ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക സാമൂഹ്യ സുരക്ഷാ മിഷന് ഫണ്ട് രൂപീകരിക്കുന്നതിനായി യഥേഷ്ടാനുമതി നൽകണമെന്ന ആവശ്യവും, ഇതുവരെ സംഭാവന നൽകിയിട്ടില്ലാത്തതും ഭാഗികമായി മാത്രം സംഭാവന നൽകിയതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2014 മാർച്ച് 31 വരെ സംഭാവന നൽകാൻ അനുവദിക്കണമെന്ന ആവശ്യവും അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മലപ്പുറം ജില്ലാ പഞ്ചായത്ത്**

വിജയഭേരി പദ്ധതി 2014-15 ലും നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കോഡൂർ ഗ്രാമ പഞ്ചായത്ത്**

**(ബഹു. എം.എൽ.എ ശ്രീ. പി . ഉബൈദുള്ള മുഖാന്തിരം)**

ചട്ടിപ്പറമ്പിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന് പുതിയ വാടക നിരക്ക് നിശ്ചയിക്കുന്നതിന് PWD സ്പെഷ്യൽ റെന്റ് പ്രൊസീഡ്യുറിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത്**

മത്സ്യബന്ധനത്തിന് വള്ളം ഇല്ലാത്തവർക്ക് വല നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

താൽക്കാലികമായി നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 31.03.2014–ന് അവസാനിക്കുന്നതിനാൽ പുതിയ അസിസ്റ്റന്റുമാരെ നിയമിക്കണമെന്ന നിർദ്ദേശം പിന്നീട് ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പി.എൻ പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര**

പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ–സാക്ഷരത പദ്ധതിക്ക് താൽപര്യമുള്ള പഞ്ചായത്തുകൾ വിജ്ഞാൻ കേന്ദ്ര നൽകുന്ന തുകയ്ക്ക് ആനുപാതികമായി തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 60224/ഡി.ബി.2/13/തസ്വഭവ**

അരിപ്പാറ മിനി ഹൈഡൽ പ്രോജക്ടിനായി അനുവദിച്ചതും ജില്ലാ ട്രഷറിയിൽ പലിശ രഹിത അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതുമായ മുഴുവൻ തുകയും 2014 മാർച്ച് 31–നു മുമ്പായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ കർശന നിർദ്ദേശം നൽകി തീരുമാനിച്ചു.(2.3 ബാധകം)

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 മുഹമ്മ ഗ്രാമ പഞ്ചായത്ത്**

പ്രത്യേക വിഷയം 3.21 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ കത്ത്**
**(ഫയൽ നം. 15447/ഡി.എ/തസ്വഭവ**

പട്ടികജാതിക്കാർക്കും പട്ടികവിഭാഗക്കാർക്കും കോർപ്പറേഷൻ പരിധിയിൽ ഒന്നരസെന്റ് ഭൂമി വാങ്ങുന്നതിന് മാർഗരേഖപ്രകാരം അനുവദിക്കപ്പെട്ട 3 ലക്ഷം രൂപ ഒന്നര സെന്റുമുതൽ 3 സെന്റുവരെ ഭൂമി വാങ്ങാവുന്ന രീതിയിൽ സബ്സിഡി മാനദണ്ഡത്തിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം അടുത്ത വാർഷിക പദ്ധതിയിൽ മാർഗരേഖയിൽ പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ റിപ്പോർട്ട്**
**(ഫയൽ നം.73056/ഡി.ബി2/14/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്നതിലെ അപാകതകളെക്കുറിച്ചുള്ള ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ സംഘടനകളുമായി ചർച്ച നടത്തി തുടർ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകൾ പരിപാലനം സംബന്ധിച്ച് (ഫയൽ നം.5179/ഡി.എ1/14/തസ്വഭവ)**

തെരുവുവിളക്കുകളുടെ പരിപാലന ചുമതലയിൽ നിന്ന് കെ.എസ്.ഇ.ബി. പിന്മാറിയ സാഹചര്യത്തിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനമായി LED ആയി മാറ്റുന്നത് സംബന്ധിച്ച് തീരുമാനിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ യോഗ തീരുമാനം പഞ്ചായത്ത് ഡയറക്ടറുടെയും അർബൻ അഫയേഴ്സ് ഡയറക്ടറുടെയും എനർജി മാനേജ്മെന്റ് കമ്മിറ്റിയുടെയും റിപ്പോർട്ട് ലഭിച്ചശേഷം ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി**

60 ശതമാനത്തിലേറെ പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്ന പെരുന്ന ഗവൺമെന്റ് എൽ.പി.സ്ക്കൂളിന് വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിനായി മഹീന്ദ്രയുടെ ചെറിയ വാൻ വാങ്ങി നൽകുന്നതിന് വികസനഫണ്ടിൽ 5 ലക്ഷം രൂപ എസ്.സി.പി. വിഹിതമായി വകയിരുത്തിയിട്ടുള്ള പദ്ധതിക്ക് ആവർത്തന ചെലവുകളും ഡ്രൈവറുടെ ശമ്പളവും മറ്റും പി.ടി.എ വഹിക്കണമെന്ന നിർദ്ദേശത്തിന് വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി**

ഇ.എം.എസ്. ഭവന പദ്ധതിയിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തവരിൽ പദ്ധതി അവസാനിപ്പിച്ച 31.03.2012 നുശേഷം ആരംഭിച്ച 7 വീടുകളുടെ നിർമ്മാണത്തിനായി 852500/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന മുനിസിപ്പൽ കൗൺസിലിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ചെർമാന്റെ കത്ത്**

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങൾക്ക് ബെഡ്ഷീറ്റ് നൽകുന്ന പദ്ധതി ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 26.03.2014 ന് രാവിലെ 8 AM ന് സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***

***(യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു)***